Page 1 of 3

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് അവയവ ദാനം സംബന്ധിച്ച് തീരുമാനമെടുക്കുന്ന ജില്ലാതല സമിതിയുടെ ചെയർമാൻ, കൺവീനർ എന്നിവർ യഥാക്രമം അതാത് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ഫോറൻസിക് വിഭാഗം മേധാവി എന്നിവരാണ്. കൂടാതെ ഈ സമിതിയിൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി, ജില്ലാ മെഡിക്കൽ ഓഫീസർ, മെഡിക്കൽ കോളേജിലെ സർജറി വിഭാഗത്തിന്റെയും മെഡിക്കൽ ന്യൂറോ വിഭാഗത്തിന്റെയും വകുപ്പുതല മേധാവികൾ എന്നിവർ അംഗങ്ങളാണ്.

(ബി) സമിതി യോഗം ചേരുന്നതിലെ കാലതാമസം കാരണം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

കോവിഡിന്റെ സാഹചര്യത്തിൽ യഥാസമയം ആതറൈസേഷൻ കമ്മിറ്റി യോഗം ചേരുന്നതിന് അതാതു മെഡിക്കൽ കോളേജുകളിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരെ ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ നോമിനിയായി തീരുമാനിച്ച് നൽകിയിട്ടുണ്ട്.

മുഴുവൻ സമയ കിടപ്പുരോഗികൾക്ക് നൽകുന്ന സഹായങ്ങൾ

215 (4940) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഴുവൻ സമയവും പരിചരണമാവശ്യമുള്ള കിടപ്പുരോഗികൾക്ക് സർക്കാർ തലത്തിൽ നൽകുന്ന സഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത സഹായം ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങളും ഇതിനായുള്ള നടപടിക്രമങ്ങൾ സംബന്ധിച്ചും വ്യക്തമാക്കാമോ?

മുഴുവൻ സമയം പരിചരണം ആവശ്യമുള്ള കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സംസ്ഥാന പാലിയേറ്റീവ് കെയർ പദ്ധതി. ഈ പദ്ധതിയിലൂടെ കിടപ്പിലായ എല്ലാ രോഗികൾക്കും ആവശ്യമായ വൈദ്യ പരിചരണം ആരോഗ്യവകുപ്പ് ജീവനക്കാരുടെയും പാലിയേറ്റീവ് കെയർ നേഴ്സുമാരുടേയും സഹായത്തോടെ നൽകിവരുന്നു. മൂന്ന് തലങ്ങളിലായി പ്രവർത്തിക്കുന്ന ഈ പദ്ധതിയുടെ പ്രാഥമിക തലം ഗൃഹ സന്ദർശനം നടത്തി കിടപ്പിലായ രോഗികൾക്ക് ആവശ്യമായ വൈദ്യസഹായം എത്തിക്കുക എന്നതാണ്. സെക്കണ്ടറി തലത്തിൽ ദേശീയ ആരോഗ്യദൗത്യത്തിന്റെ സഹായത്തോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ/താലൂക്ക് ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുള്ള കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സാന്ത്വന പരിചരണമാണ്. ഈ സേവനങ്ങൾ ലഭ്യമാക്കുന്നതിന് പാലിയേറ്റീവ് കെയർ യൂണിറ്റുകളിൽ രജിസ്റ്റർ ചെയ്യുക എന്ന ഏക മാനദണ്ഡം മാത്രമാണ് നിലവിലുള്ളത്. ഒരിക്കൽ രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികൾക്ക് നിയമാനുസൃതമായി വീടുകളിലെത്തിയും ആശുപത്രികളിൽ വച്ചും സൗജന്യമായാണ് സാന്ത്വന പരിചരണം നൽകിവരുന്നത്. ഇതിനുള്ള മരുന്നുകളും വൈകല്യങ്ങൾ പരിഹരിക്കുന്നതിനുള്ള ഉപകരണങ്ങളും സൗജന്യമായാണ് ആരോഗ്യവകുപ്പ് നൽകിവരുന്നത്. കിടപ്പു രോഗികൾക്ക് ആശ്വാസവും പരിചരണവും നൽകുന്നതിനായി മെഡിക്കൽ കോളേജ് മുഖേന എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്ന സമഗ്ര സാന്ത്വന വയോജന പരിചരണ പദ്ധതിയാണ് 'അരികെ'. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളിൽ ഒന്ന് സന്നദ്ധ സംഘടനകളും കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷൻസ് നടത്തുന്ന പാലിയേറ്റീവ് വയോജന പരിചരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ ഇതിനായി അവിടത്തെ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ് എന്നിവർക്കുള്ള പരിശീലനം, ജില്ലാതലത്തിലുള്ള ഏകോപനം, കൂടുതൽ സംഘടനകളെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരിക എന്നിവയാണ്. വീട്ടിലെത്തി സാന്ത്വന പരിചരണം നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാനതലത്തിലുള്ള രജിസ്ട്രേഷനും പരിശീലനവും നൽകാൻ ഈ പദ്ധതിയിൽ വിഭാവനം ചെയ്യപ്പെടുന്നുണ്ട്. ജില്ലകളിലെ പ്രധാന ആയുർവ്വേദ, ഹോമിയോ ആശുപത്രികൾ വഴി പ്രത്യേക ഒ.പി.കൾ നടത്തിയും ഡോക്ടർമാർക്കും നഴ്സുമാർക്കും പാലിയേറ്റീവ് പരിചരണത്തിൽ പരിശീലനവും ഇതു വഴി വിഭാവനം ചെയ്തിട്ടുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലെയും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ മെഡിക്കൽ വിദ്യാർത്ഥികളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ പാലിയേറ്റീവ് ചികിത്സാ സംവിധാനം പ്രവർത്തിച്ചുവരുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു: തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ പ്രിവന്റീവ് ക്ലിനിക്കിൽ പാലിയം ഇന്ത്യയുടെ നേതൃത്വത്തിൽ സൗജന്യമായി 1 മണി മുതൽ 4 മണിവരെ ഞായറാഴ്ച ഒഴികെയുള്ള എല്ലാ ദിവസവും സാന്ത്വന ചികിത്സ നടത്തിവരുന്നു. ഇവിടെ നിന്ന് ഒ.പി. യിലും ഐ.പി.യിലുമുള്ള രോഗികൾക്ക് മോർഫിൻ ഗുളിക ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി നൽകിവരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിൽ അനസ്തേഷ്യാ വിഭാഗത്തിലെ ഡോക്ടർമാർ ആഴ്ചയിൽ ഒരു ദിവസം

LIBRARY ARCHIVES Kerala Legislative Assembly

പാലിയേറ്റീവ് കെയർ ഒ. പി. നടത്തിവരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹോം കെയർ പ്രവർത്തനങ്ങളും വിദ്യാർത്ഥികളുടെ സഹകരണത്തോടെ നടത്തി വരുന്നു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ വരുന്ന മുഴുവൻ സമയം പരിചരണം ആവശ്യമുള്ള കിടപ്പുരോഗികൾക്ക് അവർ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്യുമ്പോൾ പോലും ആവശ്യമുള്ള മരുന്നുകൾ, എയർ ബെഡ്, സെക്ഷൻ അപ്പാരറ്റസ് തുടങ്ങിയ ചികിത്സാ ഉപാധികൾ ആശുപത്രി വികസന സമിതി ഫണ്ടിൽ നിന്നോ ആരോഗ്യ ഇൻഷുറൻസ് ഫണ്ടിൽ നിന്നോ വാങ്ങി ലഭ്യമാക്കാറുണ്ട്. കോട്ടയം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ മെഡിക്കൽ വിദ്യാർത്ഥികളുടെ സഹകരണത്തോടെ വീടുകൾ കേന്ദ്രീകരിച്ച് പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനം നടത്തിവരുന്നു. കൂടാതെ കോട്ടയം മെഡിക്കൽ കോളേജിന് കീഴിലുള്ള ഏറ്റുമാനൂർ കെ.എം.സി.എച്ച്.സി.യിൽ മുൻസിപ്പാലിറ്റിയിൽനിന്നും അനുവദിച്ച സാന്ത്വന പരിചരണത്തിന്റെ ഭാഗമായി മുഴുവൻ സമയവും പരിചരണമാവശ്യമുള്ള കിടപ്പുരോഗികൾക്കായി 2 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ രോഗികളുടെ ഡ്രസ്സിംഗ്, കത്തീടൽ ചെയ്ഞ്ച്, ബ്ലാഡർ വാഷ്, മൗത്ത് കെയർ എന്നിവ രോഗിയുടെ അവസ്ഥ അനുസരിച്ച് ആവശ്യമായ ഇടവേളകളിൽ ചെയ്തു നല്കുകയും വീട്ടിലെ അംഗങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ടി രോഗികൾക്കായി ആവശ്യാനുസരണം വാട്ടർ ബെഡ്, എയർ ബെഡ്, വാക്കർ, വീൽചെയർ, വാക്കിംഗ് സ്റ്റിക്ക്, ആവശ്യമുള്ള മരുന്നുകൾ, സാനിറ്ററി ഐറ്റംസ് എന്നിവ സൗജന്യമായി നൽകുന്നുണ്ട്. ടി യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ഫിസിയോതെറാപ്പി പോലുള്ള കൂടുതൽ സേവനങ്ങൾ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുമായി നാഷണൽ ഹെൽത്ത് മിഷന്റെ ഭാഗമായി ഒരു സെക്കന്ററി ലെവൽ സാന്ത്വന പരിചരണ യൂണിറ്റ് കൂടി പ്രവർത്തിക്കുന്നുണ്ട്. ഈ സേവനം ലഭിക്കുന്നതിന് ആശാവർക്കർമാർ മുഖാന്തരമോ, ജെ.പി.എച്ച്.എൻ. മറ്റ് ആരോഗ്യ പ്രവർത്തകർ മുഖേനയോ ടി യൂണിറ്റിനെ അറിയിക്കുമ്പോൾ രോഗിയെ സന്ദർശിക്കുകയും ആവശ്യമായ സേവനം തികച്ചും സൗജന്യമായി നൽകുകയും ചെയ്യുന്നു. ഇതിന് എ.പി.എൽ., ബി.പി.എൽ. മാനദണ്ഡങ്ങൾ ഒന്നും ബാധകമല്ല. മഞ്ചേരി മെഡിക്കൽ കോളേജിൽ സെക്കൻഡറി പാലിയേറ്റീവ് കെയർ യൂണിറ്റ് ആരോഗ്യ സേവന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. എറണാകുളം മെഡിക്കൽ കോളേജിൽ പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. മാസത്തിൽ ഒരിക്കലോ രോഗികൾ/ബന്ധുക്കൾ ആവശ്യപ്പെടുമ്പോഴെല്ലാം കിടപ്പുരോഗികൾക്ക് പരിചരണം നൽകിവരുന്നു.